**JAGRATHA 96**

Vol-3, N0:22
15-06 - 2009

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. പുതിയ അധ്യയന വർഷം സമാധാനപരമായിരിക്കണം : ബിഷപ് സ്റ്റാൻലി റോമൻ
02. ന്യൂനപക്ഷമാണ് ജയപരാജയങ്ങൾ നിർണയിക്കുന്നത് : ബിഷപ് ഡോ. സൂസപാക്യം
03. ചർച്ചകൾ വഴിമുട്ടാൻ കാരണം അവകാശ നിഷേധം : ഇന്റർ ചർച്ച് കൗൺസിൽ
04. അക്രമം നടത്തിയിട്ട് അറിയില്ലെന്നു പറയുന്നത് തെറ്റ് : ബിഷപ് ഡോ. സ്റ്റാൻലി റോമൻ
05. കെ.സി.ബി.സി. യോഗതീരുമാനങ്ങൾ

## 01. പുതിയ അധ്യയന വർഷം സമാധാനപരമായിരിക്കണം : ബിഷപ് സ്റ്റാൻലി റോമൻ

പുതിയ അധ്യയന വർഷം ശാന്തവും സമാധാനപരവുമായിരിക്കണമെന്ന് കെ.സി.ബി.സി വിദ്യാഭ്യാസ, ഐക്യ-ജാഗ്രതാ കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ ആവശ്യപ്പെട്ടു. അതിനായി വിദ്യാഭ്യാസ വകുപ്പ്മന്ത്രിയും, അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒരുപോലെ മനസുവയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞു. പുതിയ അധ്യായന വർഷത്തേക്ക് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അദ്ദേഹം എല്ലാവിധ ആശംസകളും നേർന്നു. കഴിഞ്ഞ അധ്യായനവർഷം കേരളത്തിലെ വിദ്യാഭ്യാസരംഗം ഏറെ കലാപ കലുഷിതമായിരുന്നെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഏകജാലകത്തിലൂടെയുള്ള പ്ലസ്ടു പ്രവേശനം മുതൽ പ്രശ്നങ്ങളും ആരംഭിക്കുകയായിരുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കാണ് അർഹതയുണ്ടായിട്ടും പ്രവേശനം ലഭിക്കാതെ പോയത്. നിരവധി വിദ്യാർത്ഥികൾക്ക് ദൂരസ്ഥലങ്ങളിൽ പ്രവേശനം ലഭിച്ചതു കാരണം പ്ലസ്ടു പ്രവേശനം സാധ്യമായില്ല. വേണ്ടത്ര ചർച്ചകളോ വിശകലനങ്ങളോ ഇല്ലാതെ പുതിയ പരിഷ്ക്കാരം ഏർപ്പെടുത്തിയതിന്റെ ഫലമായിരുന്നു ഏകജാലക ദുരന്തം. വിദ്യാർത്ഥികളുടെ ഭാവിയെ പന്താടുന്ന ഇത്തരം പരിഷ്കരണങ്ങളിൽ നിന്നും വിദ്യാഭ്യാസ വകുപ്പ് പിന്തിരിയണമെന്നും ബിഷപ് സ്റ്റാൻലി റോമൻ ആവശ്യപ്പെട്ടു. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന്റെ പീഡനം ഏറ്റവുമധികം നേരിട്ടത് കഴിഞ്ഞ അധ്യയന വർഷമായിരുന്നു. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്നും സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും പാതയിൽ സംസ്ഥാന സർക്കാരും വിദ്യാഭ്യാസ വകുപ്പും നീങ്ങണമെന്നും ബിഷപ് ആവശ്യപ്പെട്ടു.

വിദ്യാഭ്യാസരംഗം രാഷ്ട്രീയ വിമുക്തമാക്കുന്നതിനുള്ള ശ്രമങ്ങളിൽ എല്ലാ രാഷ്ട്രീയപാർട്ടിയിൽ പെട്ടവരും കൂട്ടായി സഹകരിക്കണമെന്നും ബിഷപ്പ് പറഞ്ഞു. യാതൊരു മൂല്യബോധവുമില്ലാതെ രാഷ്ട്രീയവത്കരിക്കുന്നതിൽ എന്നും കേരളത്തിലെ ഭരണകർത്താക്കൾ മുമ്പന്തിയിലാണ്. വിദ്യാർഥികളായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയപ്രവർത്തകരാക്കി മാറ്റുന്നതിനാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും ശ്രമിക്കുന്നത്. സ്കൂളുകളിൽ രാഷ്ട്രീയപ്രവർത്തനം വേണ്ടെന്നും കുട്ടികൾ വിവേകമതികളാകുന്നതോടെ അവർ സ്വന്തം രാഷ്ട്രീയം തെരഞ്ഞെടുക്കട്ടെ എന്നും ബിഷപ്പ് പറഞ്ഞു. അത്തരം ചിന്തകൾ പൊതുസമൂഹം ചർച്ചചെയ്യണമെന്നും ബിഷപ്പ് സ്റ്റാൻലി റോമൻ പറഞ്ഞു.

വിദ്യാർഥികളിലെ രാഷ്ട്രീയത്തേക്കാൾ കടുത്ത സ്വഭാവമുള്ളതാണ് അധ്യാപകരാഷ്ട്രീയം. സ്വന്തം അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഏതറ്റം വരെ പോകാനും തയാറാവുന്ന അധ്യാപകർ തങ്ങൾ തങ്ങളുടെ വിദ്യാർഥികൾക്ക് പകർന്നുകൊടുക്കുന്ന തെറ്റായ സന്ദേശത്തെക്കുറിച്ച് ചിന്തിക്കുന്നില്ലെന്നും ബിഷപ്പ് സ്റ്റാൻലി റോമൻ കുറ്റപ്പെടുത്തി.

വിദ്യാഭ്യാസ മികവ് ഉയർത്തുന്ന അന്തരീക്ഷം വിദ്യാഭ്യാസ മേഖലയിൽ സംജാതമാകണം. പലപ്പോഴും കേരളത്തിൽ നിന്നും സിവിൽ സർവ്വീസ് പരീക്ഷയിൽ ലഭിക്കുന്ന വിജയം തീർത്തും പരിമിതമാണ്. സിവിൽ സർവ്വീസ് പരീക്ഷയിൽ ജയിക്കുന്നവർതന്നെ കേരളത്തിന് പുറത്ത് പരിശീലനം നേടിയവരാണ്. ഇത് പരിഹരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ഈ അധ്യയനവർഷം തന്നെ ആരംഭിക്കണമെന്നും ബിഷപ് പറഞ്ഞു. വിദ്യാലയങ്ങളിൽ നിന്നും റാഗിംഗ് പൂർണ്ണമായും തുടച്ചു നീക്കുവാൻ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ആത്മാർത്ഥമായി സഹകരിക്കണം. ഒരു ഗവൺമെന്റിന്റെ പ്രധാനപ്പെട്ട വകുപ്പാണ് വിദ്യാഭ്യാസം. ഭാവിതലമുറയെ കരുപ്പിടിപ്പിക്കുതിനും അവരെ മികച്ച വിദ്യാഭ്യാസവും മുല്യബോധവും നൽകി വിശ്വപൗരന്മാരായി വളർത്തിയെടുക്കുന്നതിനുമുള്ള കടമ വിദ്യാഭ്യാസ വകുപ്പിനാണ്. അതിനായി പരിശ്രമിക്കാനുള്ള അവസരമായിട്ടു വേണം പുതിയ അധ്യയനവർഷത്തെ കാണാനെന്നും കെ.സി.ബി.സി വിദ്യാഭ്യാസ, ഐക്യ-ജാഗ്രതാ കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ പറഞ്ഞു.

## 2. ന്യൂനപക്ഷമാണ് ജയപരാജയങ്ങൾ നിർണയിക്കുന്നത്: ഡോ. സൂസപാക്യം

കേരളത്തിൽ ന്യൂനപക്ഷ ജനവിഭാഗമാണ് തെരഞ്ഞെടുപ്പിലെ ജയപരാജയങ്ങൾ നിർണയിക്കുന്നതെന്നു തിരുവനന്തപുരം ലത്തീൻ ആർച്ച്ബിഷപ് ഡോ.എം. സൂസപാക്യം പറഞ്ഞു. എറണാകുളം ആശിർഭവനിൽ കേരളത്തിലെ ലത്തീൻ രൂപതകളിലെ അല്മായ നേതാക്കളുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ദേശീയ സാഹചര്യത്തിൽ ജനങ്ങൾ സ്ഥിരതയാർന്ന ഒരു സർക്കാരിനെ ആഗ്രഹിച്ചതിന്റെ ഫലമാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാഷ്ട്രീയ പാർട്ടികളിലെ നന്മതിന്മകൾ ന്യൂനപക്ഷ ജനങ്ങളെ സ്വാധീനിക്കുന്നുണ്ട്. ജനകീയ പ്രശ്നങ്ങളിലൂടെയുള്ള ശക്തമായ നിലപാടും ആത്മാർഥമായ ഇടപെടലും സാമൂഹ്യമാറ്റത്തിന് കാരണമാകുമെന്നും ആർച്ച്ബിഷപ് പറഞ്ഞു. കെആർഎൽസിസി ജനറൽ സെക്രട്ടറി ഫാ.സ്റ്റീഫൻ ജി. കുളക്കായത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്ത് ചെറിയതുറയിൽ സമാധാനം പുനസ്ഥാപിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് യോഗം ആവശ്യപ്പെട്ടു. ആലപ്പുഴയിലെ സെന്റ് ജോസഫ്സ് കോളജിന് നേരെയും ചാപ്പലിന് നേരെയുമുണ്ടായ ആക്രമണത്തിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

## 3.ചർച്ചകൾ വഴിമുട്ടാൻ കാരണം അവകാശ നിഷേധം: ഇന്റർ ചർച്ച് കൗൺസിൽ

ക്രൈസ്തവരുടെ ജനാധിപത്യപരവും ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം അംഗീകരിക്കാൻ സർക്കാർ തയാറാകാതിരിക്കുന്നതുകൊണ്ടു മാത്രമാണു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ച ചർച്ചകൾക്കു വഴിയടഞ്ഞതെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ വക്താവ് പ്രസ്താവിച്ചു. ഇന്റർചർച്ച് കൗൺസിൽ ചർച്ചകളിൽനിന്നും പിൻമാറിയതാണു പ്രശ്നങ്ങൾക്കു കാരണമെന്ന മട്ടിലുള്ള മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറിയുടെ നിലപാടിനോടു പ്രതികരിക്കുകയായിരുന്നു കൗൺസിൽ.മതന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനും സംരക്ഷണത്തിനുമായി നൽകിയിരിക്കുന്ന ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം നിയമംമൂലം റദ്ദുചെയ്യാൻ ശ്രമിച്ചവരും കരാർ ഒപ്പിടിച്ച് കൈയേറാൻ ശ്രമിക്കുന്നവരും ന്യൂനപക്ഷങ്ങളുടെ നിലനിൽപ്പുതന്നെ തകർക്കാൻ ശ്രമിക്കുന്നവരാണ്. അതു തിരിച്ചറിയാനും അതിനോടു ജനാധിപത്യപരമായിത്തന്നെ പ്രതികരിക്കാനും ക്രൈസ്തവ സമൂഹത്തിനു കഴിഞ്ഞുവെന്നാണു തെരഞ്ഞെടുപ്പുഫലം കാണിക്കുന്നത്.ഭരണഘടന ഉറപ്പുതരുന്ന വിദ്യാഭ്യാസ അവകാശവും അതു വ്യാഖ്യാനിച്ചുകൊണ്ടുള്ള പതിനൊന്നംഗ സുപ്രീംകോടതി ബഞ്ചിന്റെ വിധിതീർപ്പും അടിസ്ഥാനമാക്കിയുള്ള ചർച്ചകൾക്കു മാത്രമേ പ്രസക്തിയുള്ളുവെന്നും മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും ധാർമിക മൂല്യങ്ങൾ തകർക്കാൻ ശ്രമിക്കുമ്പോഴും മതമേലധ്യക്ഷന്മാർ ഇടപെടുന്നതിനെ രാഷ്ട്രീയ ഇടപെടലായി ചിത്രീകരിക്കാനുള്ള ശ്രമം ഖേദകരമാണെന്നും കൗൺസിൽ ചൂണ്ടിക്കാട്ടി.

## 4. അക്രമം നടത്തിയിട്ട് അറിയില്ലെന്നു പറയുന്നത് തെറ്റ്: ബിഷപ് ഡോ. സ്റ്റാൻലി റോമൻ

അക്രമം നടത്തിയിട്ട് അറിയില്ലെന്നു പറയുന്നതു തെറ്റാണെന്ന് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനും കൊല്ലം രൂപതാ മെത്രാനുമായ ഡോ. സ്റ്റാൻലി റോമൻ. ആലപ്പുഴ സെന്റ് ജോസഫ്സ് സ്കൂളും കോളജും ചാപ്പലും കരിദിനത്തിൽ സിപിഎം പ്രവർത്തകർ അടിച്ചുതകർത്തതിൽ പ്രതിഷേധിച്ച് സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പ്രതിഷേധ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ രംഗത്തേക്കുറിച്ച് കെസിബിസിക്കുള്ള ആശങ്ക കഴിഞ്ഞ ദിവസം ചേർന്ന സമ്മേളനം പ്രകടിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് മനേജ്മെന്റ് നിയമനങ്ങൾ നടത്തിയാലും അംഗീകരിക്കാത്ത അവസ്ഥയാണ്. തൃശൂരിൽ രണ്ടുകോളജുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ വരെ നൽകാതെ സർക്കാർ ബുദ്ധിമുട്ടിക്കുകയാണ്. പാവപ്പെട്ടവരായ നമ്മളെ എന്തിന് സർക്കാർ വേദനിപ്പിക്കുന്നുവെന്നും സർക്കാർ ആരുടെ പക്ഷത്ത് ആർക്കുവേണ്ടി നിലനിൽക്കുന്നുവെന്നും ബിഷപ് ചോദിച്ചു. ഇവിടെ അക്രമം അഴിച്ചുവിട്ടത് ആസൂത്രിതമായാണെന്നും സമരം നടത്താൻ ഒരു വിഭാഗത്തിന് അവകാശമുള്ളതുപോലെ ജീവിക്കാൻ മറ്റുള്ളവർക്കും അവകാശമുണ്ടെന്നും ആലപ്പുഴ രൂപതാ മെത്രാൻ ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ പറഞ്ഞു. ഒരാളെ ഉപദ്രവിച്ചുകൊണ്ട് അവരുടെ ആശയങ്ങൾ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. പ്രതികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരണമെന്നും ബിഷപ് പറഞ്ഞു. സമ്മേളനത്തിനു മുമ്പ് സ്കൂളുകളിലേയും കോളജുകളിലേയും വിദ്യാർഥികളും രക്ഷകർത്താക്കളും വിശ്വാസികളും അണിനിരന്ന പടുകൂറ്റൻ റാലിയും ഉണ്ടായിരുന്നു.

## 5. കെ.സി.ബി.സി. യോഗതീരുമാനങ്ങൾ

### 1. വൈദികവർഷ ആചരണം

സാർവത്രിക സഭ പ്രഖ്യാപിച്ചിരിക്കുന്ന വൈദിക വർഷം 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ കേരളസഭയിൽ ആചരിക്കും. കേരള കത്തോലിക്കാസഭയിൽ പതിനായിര ത്തിലധികം വൈദികർ സേവനം അനുഷ്ഠിക്കുന്നുണ്ട്. വൈദികരുടെ ജീവിത നവീകരണം, പൗരോഹിത്യത്തിലേക്കുള്ള വിളിയുടെ പ്രോത്സാഹനം സെമിനാരി പരിശീലന നവീകരണം എന്നിവ ലക്ഷ്യമിടുന്ന പൗരോഹിത്യവർഷ ആചരണത്തിനായി കെ.സി.ബി.സി. യുടെ പ്രത്യേക സമിതി നേതൃത്വം നല്കും. കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ, ചെയർമാൻ, കൊല്ലം രൂപാധ്യക്ഷൻ ബിഷപ് സ്റ്റാൻലി റോമൻ, മൂവാറ്റുപുഴ രൂപതാധ്യക്ഷൻ ബിഷപ് അബ്രഹാം ജൂലിയോസ് എന്നിവർ സമിതി അംഗങ്ങളാണ്.

### 2. കോഴിക്കോട് സർവകലാശാലയുടെ സ്വേച്ഛാധിപത്യത്തിനെതിരെ പ്രതിഷേധിക്കും

എഞ്ചിനിയറിംഗ് വിദ്യാർത്ഥികളുടെ പൊതുപരീക്ഷ തടഞ്ഞുവച്ച് അവരുടെ ഭാവി അവതാളത്തിലാക്കി അതുവച്ച് വിലപേശി ന്യൂനപക്ഷങ്ങളുടെ ജനാധിപത്യപരമായ വിദ്യാഭ്യാസ അവകാശം കവർന്നെടുക്കാൻ കോഴിക്കോട് സർവകലാശാല നടത്തുന്ന സർവാധിപത്യശ്രമങ്ങളിൽ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. തൃശൂർ ജില്ലയിൽ ഏതാനും വർഷങ്ങളായി ഏറ്റവും ഉന്നതനിലയിൽ പ്രവർത്തിക്കുന്ന സഹൃദയ, ജ്യോതി എന്നീ എഞ്ചിനിയറിംഗ് കോളേജുകളിലും ക്രൈസ്തവ മെഡിക്കൽ കോളേജുകളിലുമാണ് ഹാൾ ടിക്കറ്റ് നല്കാതെയും പരീക്ഷ നടത്താൻ അനുവദിക്കാ തെയും റിസൾറ്റ് നല്കാതെയുമൊക്കെ നിരന്തരം പീഡിപ്പിക്കുന്നത്. തികച്ചും ഏകാധിപത്യ പരവും ക്രൂരവുമായ ഈ നിലപാടിൽ നിന്നും പിന്തിരിഞ്ഞില്ലെങ്കിൽ എല്ലാ ജനാധിപത്യ മാർഗങ്ങളിലൂടെയും ഒരുമിച്ച് അതിനെ ചെറുക്കണമെന്ന് സമ്മേളനം പ്രഖ്യാപിച്ചു.

### 3. ഭരണഘടന വിരുദ്ധ നിലപാടുകളിൽ നിന്ന് സർവകലാശാലകൾ പിന്മാറണം

മഹാത്മാഗാന്ധി, കേരള യൂണിവേഴ്സിറ്റികളിലെ ന്യൂനപക്ഷകോളേജുകളിൽ കോടതി വിധികൾക്കു ശേഷവും പ്രിൻസിപ്പൽ നിയമനം അംഗീകരിക്കാതെ ക്രൈസ്തവർക്ക് ന്യൂനപക്ഷാവകാശമില്ലെന്ന് പ്രഖ്യാപിക്കുകയും ഉത്തരവിറക്കുകയും ചെയ്ത സിൻഡിക്കേറ്റിന്റെ നിലപാടുകൾ ഭരണഘടനാവിരുദ്ധവും വിചിത്രവുമാണെന്ന് സമ്മേളനം വിലയിരുത്തി. സർവകലാശാലകൾ രാഷ്ട്രീയപ്രേരിതമായി ജനാധിപത്യത്തെയും ഭരണഘടനയെയും വെല്ലുവിളിക്കുന്നത് ജനാധിപത്യ കേരളത്തിന് അപമാനകരമാണ്.

**4. ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം പുനഃപരിശോധിക്കണം**

സർവകലാശാലകൾ ഈ വർഷം ഏർപ്പെടുത്തിയ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം അഭികാമ്യമെങ്കിലും അതിനു വേണ്ട മുന്നൊരുക്കമോ യൂണിവേഴ്സിറ്റി തലത്തിൽ അതിനുവേണ്ട സംവിധാനങ്ങളോ ക്രമീകരിക്കാത്തതിനാൽ പരാജയപ്പെടുമെന്ന് സമ്മേളനം വിലയിരുത്തി. ഈ വിഷയത്തിൽ അധ്യാപകർക്കും മാതാപിതാക്കൾക്കും പൊതുജനത്തിനും ശരിയായ ബോധവത്കരണം ആവശ്യമാണ്.

**5. അധാർമ്മിക പുസ്തകങ്ങൾ പഠിപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കണം**

കേരള യൂണിവേഴ്സിറ്റി ഡിഗ്രി ക്ലാസ്സുകളിലെ ഭാഷാസാഹിത്യ പഠനത്തിനുവേണ്ടി ശിപാർശ ചെയ്തിരിക്കുന്ന അശ്ലീലം കലർന്നതും അധാർമ്മികത പ്രചരിപ്പിക്കുന്നതുമായ പാഠപുസ്തകങ്ങൾ പിൻവവലിക്കണമെന്ന് കെ.സി.ബി.സി. ആവശ്യപ്പെട്ടു. മാനവനന്മയ്ക്കായി ജീവിച്ച മഹദ്വ്യക്തികളുടെ ആത്മകഥകൾ പഠിപ്പിക്കേണ്ട ക്ലാസുകളിൽ നിലവാരം കുറഞ്ഞ ആത്മകഥകൾ പഠിപ്പിക്കാൻ പരിശ്രമിക്കുന്നത് നമ്മുടെ വിദ്യാഭ്യാസമേഖലയുടെ ധാർമ്മിക അധഃപതനത്തിന്റെ തെളിവാണ്. നളിനി ജമീലയുടെ "ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥയും"തസ്ക്കരൻ മണിയൻപിള്ളയുടെ ആത്മകഥയും പഠിപ്പിക്കുവാൻ പരിശ്രമിക്കു ന്നത് സാംസ്കാരിക കേരളത്തോടുള്ള വെല്ലുവിളിയാണ്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി നിയോഗിച്ച വിദഗ്ധ സമിതിയുടെ കണ്ടെത്തലുകൾ രാഷ്ട്രത്തിന്റെ ഭാവി വാഗ്ദാനങ്ങളായ യുവതലമുറയെ വഴി തെറ്റിക്കാനേ ഉപകരിക്കു എന്ന് കെ.സി.ബി.സി. സമ്മേളനം കുറ്റപ്പെടുത്തി.

**6. വിദ്യാഭ്യാസ സ്ഥാപനത്തിനും ദൈവാലയത്തിനും നേരെ നടന്ന അക്രമണങ്ങൾ അപലപനീയം**

സി.പി.എം. ആഹ്വാനം ചെയ്ത കരിദിനത്തിന്റെ മറവിൽ ആലപ്പുഴ രൂപതയ്ക്ക് കീഴിലെ സെന്റ് ജോസഫ് വനിതാ കോളേജും കോളേജിനു സമീപത്തെ പ്രാർത്ഥനാലയവും, സ്കൂളും അക്രമികൾ തല്ലിത്തകർത്തത് അപലപനീയമാണെന്ന് കെ.സി.ബി.സി. ആരോപിച്ചു. ജനാധിപത്യ ഭരണക്രമത്തിൽ പ്രതിഷേധിക്കുവാൻ നിരവധി മാർഗങ്ങളുണ്ട്. പ്രതിഷേധത്തിന്റെ മറവിൽ അക്രമണങ്ങൾ അഴിച്ചുവിടുന്നത് അംഗീകരിക്കാനാവില്ല. ഏത് പാർട്ടിയായാലും പ്രതിഷേധ സമരങ്ങൾക്കിടെ അക്രമം അഴിച്ചു വിടുന്നത് ജനാധിപത്യ വിരുദ്ധമാണ്. തെരഞ്ഞെടുപ്പ് കാലത്ത് സഭ കൈക്കൊണ്ട നിലപാടുകളുടെ പേരിൽ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനവും പ്രാർത്ഥനാലയവും തകർത്തത് തികഞ്ഞ അനീതിയാണ്.

**7. ലോകസഭാ തിരഞ്ഞെടുപ്പിൽ സഭ സ്വീകരിച്ച നിലപാടുകൾ വിലയിരുത്തി**

കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ സഭ ഒറ്റക്കെട്ടായി നടത്തിയ ഇടപെടലുകൾ സമ്മേളനം വിലയിരുത്തി. കേരളത്തിൽ ഈശ്വരവിശ്വാസവും ധാർമ്മികതയും ജനാധിപത്യമൂല്യങ്ങളും നിലനിറുത്താനാണ് സഭ പ്രത്യേകമായി രംഗത്തുവന്നത്. മൂല്യങ്ങൾക്കും ധാർമ്മികതയ്ക്കുംവേണ്ടി ഭാവിയിലും ശക്തമായ ഇടപെടലുകൾ നടത്താൻ കെ.സി.ബി.സി. യോഗം തീരുമാനിച്ചു.

**8. അടിയന്തിര ജനകീയപ്രശ്നങ്ങൾ പരിഹരിക്കാൻ സഭ പരിശ്രമിക്കും**

കേരളത്തിലെ ജനങ്ങൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഭ കാര്യക്ഷമമായി ഇടപെടാൻ തീരുമാനിച്ചു. പ്രത്യേകിച്ച് മുല്ലപ്പെരിയാർ പ്രശ്നം, ഇടുക്കി, കുട്ടനാട്, വയനാട് കർഷകരുടെ പ്രശ്നങ്ങൾ പട്ടയ പ്രശ്നം, സുനാമി ബാധിതരുടെ പ്രശ്നം, മൂലമ്പിള്ളി കുടിയിറക്കൽ പ്രശ്നം, തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നം എന്നിവ പരിഹരിക്കാൻ സഭയുടെ സാമൂഹിക സേവനവിഭാഗത്തിലൂടെ ഇടപെടാനും കെ.സി.ബി.സി. തീരുമാനിച്ചു.

